# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - വിയാപുരം ഗ്രാമപഞ്ചായത്ത് - 2006-2007 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(8) - തടസ്സപ്പെടുത്തിയ തുക- സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ (സാധാ)നം.456/2022/തസ്വഭവ** **തിരുവനന്തപുരം, തീയതി- 24/02/2022.**

---

പരാമർശം: 1) 31/01/2015 ലെ പഞ്ചായത്ത് ഡയറക്ടറുടെ എം2/1135/15 നമ്പർ കത്ത്.

2) 29.05.2015 ലെ സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ നം.എൽ. എഫ്-4488/പിറ്റി1/2015 നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ വിയാപുരം ഗ്രാമപഞ്ചായത്തിലെ 2006-2007 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(8) പ്രകാരം 1,87,500/- രൂപ (ഒരു ലക്ഷത്തി എൺപത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു. ആലപ്പുഴ ജില്ലയിലെ വിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2006-07 സാമ്പത്തിക വർഷം, കൃഷി ഓഫീസർ മുഖേന നടപ്പാക്കിയ സമഗ്ര കേരവികസന പദ്ധതിയൽ സബ്സിഡി മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി തെങ്ങിൻതൈ വിതരണം ചെയ്യാതെ വളം മാത്രമായി വിതരണം ചെയ്തതിന് 1,87,500 /- രൂപ (ഒരു ലക്ഷത്തി രൂപ എൺപത്തിയേഴായിരത്തിഞ്ഞൂറ്മാത്ര ം)ചെലവഴിക്കേണ്ടിവന്നു. ടി തുകയാണ് ഓഡിറ്റിൽ നിരാകരിച്ചിരിക്കുന്നതെന്നാണ് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ടി തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കാൻ നിർദ്ദേശിക്കുകയും, ഉദ്യോഗസ്ഥ സർക്കാരിൽ അപ്പീൽ നൽകിയതു പ്രകാരം പഞ്ചായത്ത് തനതുഫണ്ടിൽ നിന്നും സർക്കാർ ഫണ്ടിലേയ്ക്ക് അടയ്ക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടി പദ്ധതിയ്ക്ക് ബ്ലോക്ക് ജില്ലാ അധികാരികളിൽ നിന്നും അംഗീകാരം ലഭിച്ചപ്പോഴേയ്ക്കും തെങ്ങിൻതൈ നടുന്നതിനുള്ള സമയം കഴിഞ്ഞിരുന്നതിനാൽ തെങ്ങിൻതൈയ്ക്കുള്ള ഗുണഭോക്തൃ വിഹിതം അടയ്ക്കുന്നതിന് ആരും തയ്യാറായില്ലെന്നും എന്നാൽ സബ്സിഡി നിരക്കിൽ വളം ലഭിക്കുന്നതിന് ധാരാളം അപേക്ഷകൾ ഉണ്ടായിരുന്നുവെന്നും ആയതിനാൽ കർഷകർ തെങ്ങിൻതൈ നട്ടത് പരിശോധിച്ച് ബോധ്യപ്പെട്ടശേഷമാണ് കൃഷി ഓഫീസർ വളം വിതരണം ചെയ്തതെന്നും കാർഷികമേഖലയായ വിയ്യാപുരം ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് ടി പ്രവൃത്തി ആശ്വാസപ്രദമായിരുന്നുവെന്നും, ആയതിനാൽ പഞ്ചായത്തിന്റെ ദുർബലമായ സാമ്പത്തികസ്ഥിതിയും, മികച്ച പ്രവർത്തനങ്ങളും പരിഗണിച്ച് പഞ്ചായത്ത് തനതുഫണ്ടിൽ നിന്നും അടവാക്കുന്നത് ഒഴിവാക്കി മേൽ തുകയ്ക്ക് സർക്കാർ സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

തെങ്ങിൻതൈയ്ക്കുള്ള ഗുണഭോക്തൃ വിഹിതം അടയ്ക്കുന്നതിന് ആരും തയ്യാറാകാത്തതിനാലും, സബ്സിഡി നിരക്കിൽ വളം ലഭിക്കുന്നതിന് ധാരാളം അപേക്ഷകൾ ലഭിച്ചതിനാലും, കർഷകർ തെങ്ങിൻതൈ നട്ടത് പരിശോധിച്ച് ബോധ്യപ്പെട്ടശേഷമാണ് കൃഷി ഓഫീസർ വളം വിതരണം ചെയ്തതെന്നും, കർഷകർക്ക് ടി പ്രവൃത്തി ആശ്വാസപ്രദമായിരുന്നുവെന്നും, ടി തുക തിരിച്ചടയ്ക്കുന്നതിന് പഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതി ദുർബലമാണെന്നുമുള്ള വിയ്യാപുരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30/05/2016-ലെ-V(6)-ാം നമ്പർ തീരുമാനം, ജില്ലാഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 29/09/2014-ലെ ലെ III-ാം നമ്പർ അനുകൂലതീരുമാനം എന്നിവ പരിഗണിച്ചും മേൽ ഖണ്ഡികയിന്മേലുള്ള ഓഡിറ്റ് തടസ്സം സാധൂകരിക്കുന്നതിൽ എതിരഭിപ്രായമില്ലെന്നും യുക്തമായ തീരുമാനം സർക്കാർ

തലത്തിൽ സ്വീകരിക്കാവുന്നതാണെന്നും പരാമർശം(2) പ്രകാരം സംസ്ഥാന ഓഡിറ്റ് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ചെലവഴിച്ചത് തികച്ചും കർഷകർക്ക് പ്രയോജനപ്രദമായ പ്രവൃത്തിയ്ക്കായിരുന്നുവെന്ന വസ്തുത കണക്കിലെടുത്തും, പഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതി ദുർബലമാണെന്ന, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല റിപ്പോർട്ട് , പഞ്ചായത്ത് ഭരണസമിതി, ജില്ലാതല മോണിറ്ററിംഗ് സമിതി എന്നിവയുടെ അനുകൂല തീരുമാനങ്ങൾ, സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ അനുകൂല അഭിപ്രായം എന്നിവ കണക്കിലെടുത്തും മേലിൽ ഓഡിറ്റ് തടസ്സങ്ങൾക്ക് കാരണമാകുന്ന പ്രവൃത്തികൾ ഏറ്റെടുക്കരുത് എന്ന കർശന നിർദ്ദേശത്തോടെ വിയാപുരം ഗ്രാമപഞ്ചായത്തിലെ 2006-07 വർഷത്തെ ഓഡിറ്റ് പരാമർശം 3(8) പ്രകാരം തടസ്സപ്പെടുത്തിയ 1,87,500/- (ഒരു ലക്ഷത്തി എൺപത്തിയേഴായിരത്തി അഞ്ഞൂറ് രൂപാ മാത്രം) രൂപയ്ക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**രജി രാജേന്ദ്രൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
സെക്രട്ടറി,വിയാപുരം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം
(വെബ് സൈററിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് ആൻറ് ന്യൂ മീഡിയ
അക്കൗണ്ട്സ് ജനറൽ(A&E), തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**